അന്വേഷണ സംഘങ്ങളെ നിയോഗിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.

(ബി) ഇല്ല.

(സി) ഉത്തരം 'ബി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) ദുരന്തം നടക്കുന്നതിനുമുമ്പ് പലപ്പോഴായി പോലീസ് 120 പ്രാവശ്യവും, എക്സൈസ് 51 പ്രാവശ്യവും റെയിഡുകൾ നടത്തിയിട്ടുണ്ട്.

(ഇ) പോലീസ് 120 പ്രാവശ്യം റെയ്ഡ് നടത്തുകയും ഇതു സംബന്ധിച്ച് രണ്ടു കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പാരിപ്പള്ളി പി.എസ്.ക്രൈം-137/97-ഉം 200/97-ഉം. ഇതുകൂടാതെ എക്സൈസ് 51 പ്രാവശ്യം റെയ്ഡ് നടത്തിയിട്ടുണ്ട്. മദ്യദുരന്തകേസിലെ പ്രതിയായ ശ്രീമതി ഹയറുന്നീസയുടെ പേരിൽ 67 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8.4.96-ൽ വ്യാജമദ്യം കഴിച്ചു മരിച്ച അപ്പു എന്ന ആളുടെ മരണവുമായി ബന്ധപ്പെട്ട കേസിൽ ഇവർക്ക് 6 വർഷവും ഭർത്താവ് രാജന് 5 വർഷവും കഠിന തടവ് ലഭിച്ചതാണ്.

(എഫ്) ഇല്ല.

(ജി) ഉത്തരം 'എഫ്' ന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(എച്ച്) ഉത്തരം 'ജി'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

മദ്യനയം

58 (391) ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനയത്തിൽ മാറ്റം വരുത്തുവാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) റെയിഞ്ചടിസ്ഥാനത്തിലുള്ള ഷാപ്പ് ലേലം അവസാനിപ്പിച്ച് ഷാപ്പുകൾ പ്രത്യേകം പ്രത്യേകം ലേലം ചെയ്യുവാൻ പരിപാടിയുണ്ടോ;

(സി) എങ്കിൽ ഇതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഇപ്പോൾ ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വ്യാജമദ്യത്തിനെതിരെ റിപ്പോർട്ടുകൾ

59 (392) ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വ്യാജമദ്യത്തിനെതിരെ ജില്ലാ ഭരണകൂടങ്ങൾ ഗവൺമെന്റിന് എത്ര റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്;

(ബി) ഇത്തരം റിപ്പോർട്ടുകൾ ലഭിക്കുമ്പോൾ അതിന്മേൽ എന്തെല്ലാം നടപടികളാണ് എടുക്കാറുള്ളത്;

(സി) കൊല്ലം ജില്ലയിൽ 2000 ഒക്ടോബർ മാസത്തിൽ കല്ലുവാതുക്കൽ, പള്ളിക്കൽ എന്നിവിടങ്ങളിലുണ്ടായ വ്യാജമദ്യദുരന്തത്തിന് ഉത്തരവാദികളായവരെപ്പറ്റി ജില്ലാഭരണകൂടം ഗവൺമെന്റിന് റിപ്പോർട്ടു നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല.

(ബി) റിപ്പോർട്ട് ലഭിക്കുമ്പോൾ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

മദ്യദുരന്തം ആവർത്തിക്കാതിരിക്കാൻ നടപടി

60 (393) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യദുരന്തം ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) അബ്കാരി കോൺട്രാക്ടർമാർക്ക് മദ്യവില്പനയ്ക്ക് കരാർ നൽകുമ്പോൾ അവർ നേരിട്ടോ അല്ലാതെയോ നൽകുന്ന മദ്യംമൂലം മരണമോ കെടുതിയോ സംഭവിക്കുന്നപക്ഷം മരണത്തിനിരയാകുന്നവരുടെ ആശ്രിതർക്കും കെടുതിക്കിരയാകുന്നവർക്കും ഉയർന്ന തുകയ്ക്കുള്ള നഷ്ടപരിഹാരം നൽകണമെന്ന വ്യവസ്ഥ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മദ്യദുരന്തം ആവർത്തിക്കാതിരിക്കാൻ എക്സൈസ് വകുപ്പും പോലീസ് വകുപ്പും ശക്തമായ റെയിഡുകൾ സംഘടിപ്പിക്കുകയും, വാഹനപരിശോധന ശക്തമാക്കുകയും അംഗീകൃത മദ്യഷാപ്പുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തുവരുന്നു.

(ബി) ഈ കാര്യം വിശദമായി പരിശോധിക്കേണ്ട കാര്യമാണ്.

വിഷമദ്യത്തെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

61 (394) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1.12.2000 വരെ എക്സൈസ് വകുപ്പ് എത്ര

LIBRARY ARCHIVES Kerala Legislative Assembly